നം.കെ.എസ്.എ-കെ.ടി.എം.പി9/1341/2017 തീയതി : 14.09.2017

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 11.08.2017ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	04.08.2017 മുതൽ 11.08.2017 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.നടരാജൻ പി.ബി.	ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
	ശ്രീമതി രേഖ ആർ.	ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
	ശ്രീമതി മേരി ആൻഡ്രൂസ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീമതി സുധ ജേക്കബ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ.മനു എം.	സീനിയർ ഗ്രേഡ് ഓഡിറ്റർ

നിർവഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.ആനന്ദ് പഞ്ഞിക്കാരൻ	01.04.2016 മുതൽ 31.03.2017 വരെ
സെക്രട്ടറി	ശ്രീ.പ്രദീപ് പി.ജി.	01.04.2016 മുതൽ 19.05.2016 F.N വരെ
	ശ്രീ.വി.കെ.രാജീവ്	20.05.2016 A.N മുതൽ 08.07.2016 F.N വരെ
	ശ്രീ.ഇ.ഷാനവാസ്	08.07.2016 A.N മുതൽ 25.12.2016 വരെ(ചാർജ്ജ്)
	ശ്രീ.രാധാകൃഷ്ണ കമ്മത്ത് എസ്.	26.12.16 മുതൽ 31.03.2017 വരെ

മറ്റ് നിർവഹണോദ്യോഗസ്ഥർ

കൃഷി ഓഫീസർ	ശ്രീമതി ആര്യ വി.സി.	01.04.2016 മുതൽ 31.03.2017 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ഇ.ഷാനവാസ്	01.07.2016 മുതൽ 31.03.2017 വരെ (01.04.2016 മുതൽ 30.06.2016 വരെ ഒഴിവ്)
ഹെഡ്മിസ്ട്രസ്	ശ്രീമതി ഇ.കെ. ഓമന	01.04.2016 മുതൽ 31.03.2017 വരെ
വെറ്ററിനറി സർജൻ	ശ്രീ.പി.ബിജു	01.04.2016 മുതൽ 31.03.2017 വരെ
വി.ഇ.ഒ	ശ്രീ.ഗിരീഷ് കെ. ദാസ്	01.04.2016 മുതൽ 15.01.2017 വരെ
	ശ്രീ.ദിലീപ്	16.01.2017 മുതൽ 31.03.2017 വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	ശ്രീമതി റോസ്‌ലിൻ ജോസഫ്	01.04.2016 മുതൽ 31.03.2017 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി സവിത	01.04.2016 മുതൽ 31.03.2017 വരെ
അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി	ശ്രീമതി സൗമ്യ കെ.	01.04.2016 മുതൽ 31.03.2017 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി എൻ.ജയലക്ഷ്മി	01.04.2016 മുതൽ 31.03.2017 വരെ

ഉള്ളടക്കം

ഖണ്ഡിക നമ്പർ	വിഷയം
ഭാഗം 1 പൊതു അവലോകനം	
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ട് വിനിയോഗം
1-6	പദ്ധതി അവലോകനം
1-7	തനത് വരുമാനം
1-8	ക്ഷേമ പദ്ധതികൾ
1-9	ക്യാഷ് വെരിഫിക്കേഷൻ
1-10	ആഭ്യന്തരനിയന്ത്രണ സംവിധാനം--തകർച്ചയിൽ
1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1-1	വാർഷിക കണക്കുകളുടെ അവലോകനം
2-1-2	ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതകളുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല
2-2-1	വസ്തുനികുതി പരിഷ്കരണം
2-2-2	മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി
2-2-3	റിസോർട്ടിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

2-2-4	നിയമപരമായി നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടത്തിന് ഇളവ് അനുവദിച്ചു
2-3-1	തൊഴിൽനികുതി--ഈടാക്കിയതിൽ കുറവ്
2-3-2	സ്ഥാപനങ്ങളിലെ 2-ാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല
2-3-3	തൊഴിൽനികുതി ഒടുക്കിയിട്ടില്ല
2-3-4	സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല
2-4	ഇ-ടെൻഡർ--ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല
2-5	വാടക കുടിശ്ശിക
2-6	സംയുക്ത പ്രോജക്ടുകൾ--മാർഗ്ഗരേഖയുടെ ലംഘനം
ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	ഹോസ്പിറ്റൽ കിയോസ്ക്--പ്രവർത്തനത്തിലെ അപാകതകളും അധികവേതനം നൽകിയതും
3-2	സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് ദിവസവേതനം നൽകി--ചെലവ് നിരാകരിക്കുന്നു
3-3	സർക്കാർ നിർദ്ദേശം മറികടന്ന് പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർക്ക് അധിക യാത്രാപ്പടി നൽകി
3-4	തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ--സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപിച്ചതിന്റെയും രേഖകളില്ല
3-5	കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങലും സ്ഥാപിക്കലും (പ്രോജക്ട് നം.2/17)--സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുകയ്ക്കുള്ള ഡിഡി എടുത്തിരിക്കുന്നു
3-6	വയോജനവിശ്രമ കേന്ദ്രത്തിന് ഫർണ്ണിച്ചറും ടെലിവിഷൻ സെറ്റും--പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ
3-7	അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം--താൽക്കാലിക ജീവനക്കാർക്ക് അധിക തുക നൽകി
3-8	ആയുർവ്വേദ മരുന്ന് വാങ്ങൽ--മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു
3-9	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ--മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു
3-10	സാന്ത്വനം പരിചരണം പദ്ധതി--മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു
3-11	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല--ചെലവ് തുക തടസ്സപ്പെടുത്തുന്നു
3-12	കന്നുകുട്ടി പരിപാലനം--പദ്ധതി തുക ചെലവഴിക്കാതെ ശേഷിക്കുന്നു
3-13	പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ--അപാകതകൾ--ചെലവ് തുക തടസ്സപ്പെടുത്തുന്നു
3-14	ശ്രീ.റ്റി.എസ്.ശിവൻകുട്ടി സീനിയർ ക്ലർക്ക്--ഹാജർ ക്രമീകരിച്ചിട്ടില്ല
3-15	വെള്ളക്കരം
3-16	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ്
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപങ്ങൾ
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ഓഡിറ്റ് പ്രത്യവലോകനം
4-9	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
അനുബന്ധം 1	ഓഡിറ്റ് സാക്ഷ്യപത്രം 2016-17
അനുബന്ധം 2	ബാലൻസ് ഷീറ്റ് 2016-17
അനുബന്ധം 3	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17
അനുബന്ധം 4	റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2016 -17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 21.03.17 ലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	94,75,680	2,63,40,536.94	1,68,64,856.94	
വരവ്	30,89,47,000	5,21,01,617		25,68,45,383
ആകെ	31,84,22,680	7,84,42,153.94		23,99,80,526
ചെലവ്	31,47,34,795	4,94,21,109		26,53,13,686
നീക്കിയിരിപ്പ്	36,87,885	2,90,21,044.94	2,53,33,159.94	

ബജറ്റ് ഫങ്ഷൻ, ഫങ്ഷനറി അടിസ്ഥാനത്തിലാണ് തയ്യാറാക്കിരിക്കുന്നത്. എന്നാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയാറാക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

7.6.2017ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

7.6.2017 തീയതിയിൽ ഓഡിറ്റിനു ലഭ്യമാക്കിയ 2016-17 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2,63,40,536.94
വരവ്	5,21,01,617.00
ആകെ	7,84,42,153.94
ചെലവ്	4,94,21,109.00
നീക്കിയിരിപ്പ്	2,90,21,044.94

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ അലോട്ട്മെന്റ്	ആകെ	ചെലവ്	അലോട്ട്മെന്റ് നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	1,11,68,337	1,11,68,337	86,01,031	25,67,306	77.01
വികസനഫണ്ട് എസ്.സി.പി.	0	28,61,619	28,61,619	17,04,862	11,56,757	59.57
വികസനഫണ്ട് ടി.എസ്.പി.	0	79,560	79,560	12,137	67,423	15.25
സംരക്ഷണഗ്രാന്റ് റോഡ്	0	51,32,631	51,32,631	15,03,900(*)	36,28,731	29
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	30,26,061	30,26,061	17,63,120	12,62,941	58.26
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	62,63,819	62,63,819	29,21,211	33,42,608	46.63
പെർഫോമൻസ് ഗ്രാന്റ്	0	34,70,297	34,70,297	21,62,820	13,07,477	62.32
MGNREGS	0	1,38,11,916	1,38,11,916	1,38,08,630	3,286	99.97

(*)ട്രഷറി റിക്കൺസിലിയേഷൻ പത്രിക പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ട് നം.175/16-17-കസ്തൂർബ ഓട നിർമ്മാണം എന്ന പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തിയുടെ ബില്ല്(3,32,419 രൂപ) ട്രഷറി പാസാക്കിയിരുന്നില്ല. എന്നാൽ ഇതു പരിഗണിക്കാതെ വാർഷിക ധനകാര്യപത്രികയിലും, സുലേഖയിലും ചെലവ് രേഖപ്പെടുത്തിയതിനാലാണ് ഈ വ്യതിയാനം (ഉണ്ടായത്.)

1-6 പദ്ധതി അവലോകനം

2016-17 ലെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി 20.5.2017 ലെ 490/16/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം നല്കി ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
189	27,37,48,370	97	3,08,41,909	-	92	12.16

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 16.1.16ലും പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായുള്ള ഗ്രാമസഭകൾ 30.01.2016, 31.01.2016 തീയതികളിലും, വികലാംഗ ഗ്രാമസഭ 05.02.2016ലും വികസന സെമിനാർ 27.02.2016ലും ചേർന്നിട്ടുണ്ട്.

പദ്ധതി അവലോകനം
നേട്ടങ്ങൾ

- വിവിധ അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ ലഭ്യമാക്കി.
- പട്ടികജാതി വിദ്യാർത്ഥികൽക്ക് പ്രോഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് ധനസഹായവും, ലാപ്ടോപ്പും വിതരണം ചെയ്തു.

കോട്ടങ്ങൾ

- കാർഷിക മേഖലയിൽ നെൽവിത്ത് വിതരണം മാത്രമാണ് നടപ്പാക്കിയത്. പച്ചക്കറി തൈ വിതരണം, ഗ്രോബാഗ് വിതരണം, നെൽകൃഷി സംഘങ്ങൾക്ക് പെട്ടി, പറ പ്രോജക്ടുകൾക്കായി തുക വകയിരുത്തിയിരുന്നെങ്കിലും നടപ്പാക്കിയില്ല.
- കന്നുകുട്ടി പരിപാലന സബ്സിഡി തുക അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് കൈമാറിയെങ്കിലും സാമ്പത്തികവർഷം കഴിഞ്ഞുപോയെന്ന കാരണത്താൽ തുക മടക്കി നൽകി.
- മെയിന്റനൻസ് ഗ്രാന്റ്(റോഡ്) വിഹിതം 30% മാത്രമാണ് ചെലവഴിച്ചത്.

1-7 തനതു വരുമാനം

2015-16 വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ നികുതി നികുതിയേതര വരുമാനത്തിൽ താഴെ പറയും പ്രകാരം 30 ശതമാനം വ്യതിയാനം ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതിവരവുകൾ	68,73,357	1,01,87,799	(+)3314442	(+)48
നികുതിയേതരവരവുകൾ	71,79,943	85,24,731	(+)1344788	(+)19
മറ്റുവരവുകൾ	4,52,682	87,002	(-)365680	(-)81
ആകെ	1,45,05,982	1,87,99,532	(+)4293550	(+)30

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	1,86,000	34
കർഷകതൊഴിലാളി പെൻഷൻ	87,13,330	1103
വിധവാപെൻഷൻ	59,34,850	554
വാർദ്ധക്യകാലപെൻഷൻ	1,48,65,265	1367
വികലാംഗപെൻഷൻ	19,21,280	230
50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ	2,55,730	26
വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം	1,80,000	6

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.17 തീയതിയിൽ 4.30 പി.എം.-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,77,013/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം--തകർച്ചയിൽ

<u>തനത് ഫണ്ട് ചെലവുകളിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം 1,87,99,532 രൂപ തനതുഫണ്ടിനത്തിൽ വരവുണ്ട്(വാർഷിക ധനകാര്യ പത്രിക പ്രകാരം). എന്നാൽ തനത് ഫണ്ട് ചെലവിടുന്നതിൽ അവധാനതയും ദീർഘവീക്ഷണവും പുലർത്തി കാണുന്നില്ല. പല ചെലവുകളും ഒഴിവാക്കാവുന്നതോ നടത്തിയിട്ടുള്ള ചെലവുകളെ സാധൂകരിയ്ക്കുന്ന രേഖകൾ ഇല്ലാത്തതോ ആയ സാഹചര്യം നിലനിൽക്കുന്നു. ക്രമപ്രകാരം നൽകേണ്ട തുകയേക്കാൾ കൂടുതൽ തുക നൽകിയിട്ടുള്ള സാഹചര്യവും തുക ചെലവിടുന്നതിൽസർക്കാർ നിർദ്ദേശങ്ങളുടെ ലംഘനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ജനറേറ്റർ പഞ്ചായത്തിൽ പ്രവർത്തിക്കുമ്പോഴും ആയതിന്റെ ഇന്ധനച്ചെലവ് നിരീക്ഷിയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ജനറേറ്ററിനു ശരിയായ രീതിയിലുള്ള ലോഗ്ബുക്ക് തയ്യാറാക്കുകയോ ഇന്ധനരജിസ്റ്ററിൽ പ്രവർത്തിക്കുന്നതിന്റെ കാലയളവ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

2. ചെക്ക് നം 50674/ 23-4-16പ്രകാരം ഇലക്ഷൻ ഡ്യൂട്ടിയ്ക്ക് വാഹനം ഉപയോഗിച്ച വകയിൽ ഡ്രൈവർക്ക് നൽകിയ 72000- രൂപ പ്രതിഫലം ഇലക്ഷൻ കമ്മീഷനിൽ നിന്നും വസൂലാക്കി നാളിതുവരെ പഞ്ചായത്തിൽ വരവു ചേർത്തിട്ടില്ല.

3. പഞ്ചായത്തിലെ വിവിധ അറ്റകുറ്റപ്പണികൾക്ക് വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടോ പൂർത്തീകരണപത്രമോ കൂടാതെ തുക ചെലവിട്ടുള്ള സാഹചര്യം നിലനിൽക്കുന്നു. (ചെക്ക് നം.50747/30.6.16 – 9992/-രൂപ)

4. പദ്ധതിയിലൂടെ 13 ലക്ഷം രൂപ വിവിധ വാർഡുകളിൽ തെരുവുവിളക്കുകളുടെ പരിപാലനത്തിനു വേണ്ടി ചെലവിടുമ്പോഴും 2ലക്ഷം രൂപയുടെ വിവിധ വാങ്ങലുകൾ പദ്ധതിയ്ക്കു പുറത്തു നടത്തിയിട്ടുള്ളത് ഒഴിവാക്കാമായിരുന്നു. (ചെക്ക് നം. 50707/25.5.16)

5. മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 1,60,000- രൂപ 16 വാർഡുകളിലെ സാനിട്ടേഷൻ സമിതിയ്ക്കു നൽകിയെങ്കിലും ചെലവുകൾ സുതാര്യമോ ഹാജരാക്കിയ രേഖകൾ വസ്തുതാപരമോ അല്ല.

6. പഞ്ചായത്ത് ഓഫീസും പരിസരവും വൃത്തിയാക്കുന്നതിന് സ്ഥിരമായി പി ടി എസ് ജോലി ചെയ്യുമ്പോൾ പുറമേ പണം നൽകി വൃത്തിയാക്കൽ നടത്തുന്നു. (ചെക്ക് നം. 50735/ 18.6.16. 3,840- രൂപ)

7. പഞ്ചായത്തുവാഹനത്തിലെ ഡ്രൈവർ തയ്യാറാക്കുന്ന ലോഗുബുക്കിലെ യാത്രയും യാത്രാപ്പടി നൽകുന്നതിനായി സമർപ്പിയ്ക്കപ്പെടുന്ന ടൂർഡയറിയിലെ യാത്രയും ഒത്തുപോകാത്ത സാഹചര്യം നിലനിൽക്കുന്നു.

8. പഞ്ചായത്ത് വക ജീപ്പിന്റെ അറ്റകുറ്റപ്പണികൾക്ക് ആകെ ചെലവ് പലതായി വിഭജിച്ച് ബിൽ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾ ലംഘിക്കുവാൻ ശ്രമം നടത്തിയിട്ടുള്ളത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 50713/2.6.16 ചെക്ക് പ്രകാരം 19,743- രൂപ പഞ്ചായത്തുജീപ്പിന്റെ അറ്റകുറ്റപ്പണികൾക്കായി ചെലവിട്ടത് 3 വൗച്ചറുകളിലായി ഒരേ തീയതിയിലാണ്. ഇത് സർക്കാർ ഉത്തരവ് നം.ജി.ഒ.(എം.എസ്.)170/07 തസ്വഭവ തീയതി 30.6.2007ന്റെ ലംഘനമാണ്.

9. ഹരിതകേരളം പദ്ധതിയ്ക്കായി 2 വൗച്ചറുകളിലായി 14 വാർഡ് മെമ്പർമാർക്ക് 65,211- രൂപ നൽകിയെങ്കിലും ഹരിതകേരളവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രവൃത്തിയല്ല നിർവ്വഹിച്ചിട്ടുള്ളത്.

10. നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ച് യാത്രപ്പടി നൽകുന്നതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. (ചെക്ക് നം. 472931/13.3.17. 39000-) (ഖണ്ഡിക 3-3 കാണുക)

11. പക്ഷിപ്പനി നിവാരണത്തിന് 5 ലക്ഷത്തിലധികം രൂപ ചെലവിട്ടിട്ടുണ്ടെങ്കിലും തുകയുടെ താല്ക്കാലിക ചെലവനുമതി പത്രികയിൽ ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സർക്കാർ സാധൂകരണം ലഭ്യമായിട്ടില്ല.

12. സർക്കാർ നിർദ്ദേശത്തെ തെറ്റായി വ്യാഖ്യാനിച്ച് സെക്രട്ടറിയുടെ അനിവാര്യചുമതല നിർവ്വഹിയ്ക്കുന്നതിന് സെക്രട്ടറിയേറ്റ് അസിസ്റ്റന്റിന്റെ പ്രതിദിന നിരക്ക് നൽകി താല്ക്കാലിക ജീവനക്കാരെ നിയമിച്ചതും ആശുപത്രി കിയോസ്ക്കുകളിലെ താല്ക്കാലിക ജീവനക്കാർക്ക് സർക്കാർ നിർദ്ദേശം മറികടന്ന് വേതനം നൽകിയതും തനതുഫണ്ട് ചെലവഴിയ്ക്കുന്നതിലെ സാമ്പത്തിക അച്ചടക്കമില്ലായ്മയും നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കുന്നതിലെ ജാഗ്രതയില്ലായ്മയും വെളിവാക്കുന്നു. (ഖണ്ഡിക 3-1, 3-2 കാണുക)

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി മാത്രം തനതുഫണ്ട് ചെലവിടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽപ്പെടുത്തി കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, യു.പി.എസ്. തുടങ്ങിയ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 24.9.10 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം കംപ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിലുള്ള എല്ലാ ഉപകരണങ്ങളുടെയും വിശദാംശം ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല. സോഫ്റ്റ്‌വെയറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അനുബന്ധ ഉപകരണങ്ങളുടെയും, സോഫ്റ്റ്‌വെയറുകളുടെയും വിവരങ്ങൾ സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ എല്ലാ ഉപകരണങ്ങൾക്കും പ്രത്യേകം സ്റ്റോക്ക് നമ്പർ നൽകേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ എണ്ണം, കൺസ്യൂമർ നമ്പർ, താരീഫ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നവ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുകയും പരിശോധനക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	17.07.2017	06/2016	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.06.2014- 21.06.2014	2009-2010 - 2013-2014	LBA(HQ)II/8A2168/169, 24.07.2014

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1-1 വാർഷിക കണക്കുകളുടെ അവലോകനം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭബാക്കി 2,63,40,536.94 രൂപയും തൻവർഷവരവ് 5,21,01,617 രൂപയും തൻവർഷ ചെലവ് 4,94,21,109 രൂപയും വർഷാവസാന നീക്കിബാക്കി 2,90,21,044.94 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരമുള്ള ആകെ വരുമാനം 8,41,05,518 രൂപയും ചെലവ് 8,66,09,533 രൂപയും മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളായി(Prior Period Items) ഉൾപ്പെടുത്തിയ 27,29,572 രൂപ ഉൾപ്പെടെയുള്ള വരുമാനമിച്ചം 2,25,557 രൂപയുമാണ്. ബാലൻസ് ഷീറ്റ് പ്രകാരം 31.3.17 പ്രകാരമുള്ള ആകെ ആസ്തിമൂല്യം 8,50,13,534.94 രൂപയും ജനറൽഫണ്ട് ഒഴികെയുള്ള ബാധ്യത 3,28,71,658.05 രൂപയും അന്നേദിവസം ജനറൽഫണ്ട് പൊസിഷൻ 1,32,47,662.94 രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യറിസൽട്ടുകൾ പ്രതിപാദിക്കുന്ന വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രകിയ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. ബി-9 ഷെഡ്യൂളിലെ അഡ്വാൻസായി ലഭിച്ച വരവിനങ്ങളുടെ(തൊഴിൽ നികുതി- ട്രേഡ്ലൈസ്, ഡി & ഒ) കൃത്യത വ്യക്തമല്ല.
4. ബി-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

ശീർഷകം	തുക
350100201- Contractor's Control Account	6,000
350110104- Employees Liabilities- Pension Contribution Payable	217858
350110109- Recoveries Payable- Employer's Provident Fund Contribution Payable	1849

350200102- Recoveries Payable-KPEPF	155106
350200103- Recoveries Payable-SLI	8745
350200104- Recoveries Payable-GIS	6800
350200105- Recoveries Payable-LIC	15922
350200108- Recoveries Payable-HBA	8000
350200111- Recoveries Payable-Co-operative Societies and Co-operative Banks	1500
350200114- IT	3250
350200116- Recoveries Payable- Employees Provident Fund	6429
350200199- Recoveries Payable- Other Recoveries from Employees	30681
350300103- Government and Other dues payable- VAT	1163
350300199- Government and Other dues payable- Others	177346

5. ബി- 15 ഷെഡ്യൂളിലെ കിട്ടാനുള്ള തുകകൾ(Sundry Debtors) പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല(തൊഴിൽ നികുതി- ട്രേഡേഴ്സ്).

6. വാർഷിക കണക്ക് പ്രകാരമുള്ള അക്രൂ ചെയ്ത വരവിനങ്ങൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.(തൊഴിൽ നികുതി- ട്രേഡേഴ്സ്)

7. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുക സഞ്ചയ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസി ഷീറ്റിൽ ബി-7 ഷെഡ്യൂളിൽ ബാധ്യതായി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

9. വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ക്രമീകരിക്കാത്ത മുൻകൂറുകൾ മുഴുവനും ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല(വിശദാംശം ഖണ്ഡിക 4-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

10. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിലെ വിവിധ ശീർഷകങ്ങളിലെ തുകയുടെ കൃത്യത വ്യക്തമല്ല.

11. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ പാർട്ട് ബിൽ നൽകിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12. ഹോസ്പിറ്റൽ കിയോസ്കിൽ നിന്നുള്ള യഥാർത്ഥ വരവ്, വാർഷിക ധനകാര്യ പത്രികയുമായിപൊരുത്തപ്പെടുന്നില്ല(RP-4 ഷെഡ്യൂൾ).

13. തൊഴിൽരഹിത വേതനം, വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം എന്നിവയുടെ രസീത്&പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്, ചെലവ്, യഥാർത്ഥ വരവു ചെലവുമായും(എ സി ആർ പ്രകാരമുള്ളത്), ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരുമാനവും, ചെലവുമായും പൊരുത്തപ്പെടുന്നില്ല.

14. തൻവർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,00,000 രൂപയും, ചെലവ് 1,97,637(പ്രോജക്ട് നം.22/16-17) രൂപയും, നീക്കിയിരിപ്പ് 2,363 രൂപയുള്ളതുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്(RP-7, 31) 3,97,637 രൂപയാണ്. ബാലൻസ് ഷീറ്റ് പ്രകാരം(ബി-4 ഷെഡ്യൂൾ) നീക്കിയിരിപ്പില്ല.

15. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം മൃഗാശുപത്രി മെയിന്റനൻസിനായി മുൻവർഷങ്ങളിൽ ലഭിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകയിൽ 2,92,149 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ തൻവർഷം മൃഗാശുപത്രി പുനരുദ്ധാരണം എന്ന പ്രോജക്ട് പ്രകാരം(119/16-17) തനത് ഫണ്ട് അടങ്കൽ വച്ച് 1,74,506 ചെലവുള്ളതും യഥാർത്ഥ നീക്കിയിരിപ്പ് 1,17,643 രൂപ മാത്രവുമാണ്.

16. മെയിന്റനൻസ് ഗ്രാന്റ്(റോഡ്) ഫണ്ടിലെ വരവ് ചെലവ് (RP-31 പ്രകാരം)- 18,36,319 രൂപ, ട്രഷറി കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല- 15,03,900 രൂപ. പ്രോജക്ട് നം.175/16-17-കസ്തൂർബ ഓട നിർമ്മാണം എന്ന പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തിയുടെ ബില്ല് ട്രഷറി പാസാക്കിയിരുന്നില്ല. എന്നാൽ ഇതു പരിഗണിക്കാതെ വാർഷിക ധനകാര്യപത്രികയിൽ ചെലവ് രേഖപ്പെടുത്തിയതിനാലാണ് ഈ വ്യതിയാനം ഉണ്ടായത്.

17. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരുപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

2-1-2 ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതകളുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല

വാർഷിക ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള വിവിധ തുകകളുടെ കൃത്യത വ്യക്തമല്ലായെന്നത് ഖ 2-1-1ലെ ക്രമ നം.4ൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കണക്ക് ശീർഷകങ്ങളുടെ ലെഡ്ജറുകൾ പരിശോധിച്ചതിൽ ഇവ 01.04.2012 മുതൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നതാണെന്നും ഇവ സംബന്ധിച്ച് കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ഇല്ലായെന്നും ബോധ്യപ്പെട്ടു. ഇവ സംബന്ധിച്ച് പരിശോധന നടത്തേണ്ടതും കൃത്യത നിർണ്ണയിച്ച് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

2-2-1 വസ്തുനികുതി പരിഷ്കരണം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും)ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം ഗ്രാമപഞ്ചായത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. 1993-94ലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ 7608 കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി(ബേസ് ഡേറ്റാ) സഞ്ചയയിൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇവയിൽ 7597 കെട്ടിടങ്ങളുടെ മാത്രമേ ഫോറം 6 ജനറേറ്റ് ചെയ്ത്, ഡിജിറ്റൽ സൈൻ ചെയ്തിട്ടുള്ളൂ. ബാക്കി കെട്ടിടങ്ങളെയും അപ്രൂവ് ചെയ്ത് സഞ്ചയ ഡേറ്റാബേസ് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. ആകെയുള്ള 9637 രസീതുകളിൽ 8975 എണ്ണമാണ് മാപ്പ് ചെയ്തിട്ടുള്ളത്. ആവശേഷിക്കുന്ന 662 രസീതുകളുടെ ഡിസ്ക്രിപൻസി പരിഹരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. മാപ്പിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സാംഖ്യയിൽ നിന്നും സഞ്ചയയിൽ നിന്നുള്ളതുമായ വസ്തുനികുതി കളക്ഷൻ തുകയിൽ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

കളക്ഷൻ	സാംഖ്യ പ്രകാരം	സഞ്ചയ പ്രകാരം
കറന്റ്(റസിഡൻഷ്യൽ + നോൺ റസിഡൻഷ്യൽ)	2157549	2532102
അരിയർ(റസിഡൻഷ്യൽ + നോൺ റസിഡൻഷ്യൽ)	2588590	2852207

'Discrepency Solving Steps' ലൂടെ അപാകതകൾ പരിഹരിച്ച് മാപ്പിംഗ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇ-പേയ്മെന്റ് ആക്ടിവേറ്റ് ചെയ്ത് വസ്തുനികുതി ഓൺലൈനായി സ്വീകരിക്കുന്നതിന് കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

2-2-2 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി

ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ, 14.1.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി 500/- രൂപയായി 2013-14 വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. സഞ്ചയ പ്രോപർട്ടി ടാക്സ് മൊഡ്യൂൾ പ്രകാരം 4 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ	വാർഡ് നം./ കെട്ടിട നം.	ടവർ സ്ഥാപിച്ച കമ്പനിയുടെ പേരും വിലാസവും	വിസ്തീർണ്ണം ച. മീറ്ററിൽ	നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി (ച.മീറ്ററിന് 500 രൂപ നിരക്കിൽ- ബാധകമായ ഇളവുകൾക്കും

				വർദ്ധനവുകൾക്കും ശേഷം)(രൂപ)
1	7/312 എ	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	55	35,998
2	8/365 എ	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	25	13,389
3	12/414	വയർലെസ് റ്റി റ്റി ഇൻഫോ സർവ്വീസസ് ലിമിറ്റഡ്	13	6,189
4	15/84 എ	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	10	5,951

ക്രമ നം.3ൽ മൊബൈൽ ടവറിന്റെ മാത്രം വസ്തുനികുതി കുടിശ്ശികയാണ്(2010-11 മുതൽ). കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണത്തിൽ വലിയ തോതിലുള്ള വ്യതിയാനം കാണുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം പരിശോധിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് 19.10.2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം.40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതുമാണ്.

2-2-3 റിസോർട്ടിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണയിച്ചില്ല

പി.എൻ.കൃഷ്ണദാസ് എന്ന വ്യക്തിക്ക് 2016-17 വർഷം റെസ്റ്റോറന്റ് & ലോഡ്ജ് നടത്തുന്നതിന് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചത് സംബന്ധിച്ച് സഞ്ചയ പ്രോപ്പർട്ടി ടാക്സ് റെവന്യൂ മോഡ്യൂൾ പരിശോധിച്ചതിൽ, സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് (കെട്ടിട നം. 1/132- 2643.22 ച.മീ തറവിസ്തീർണ്ണം) 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾക്ക് എന്നിവക്ക് ബാധകമായ ച.മീറ്ററിന് 60/- രൂപ നിരക്കിൽ(ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 05.01.2012 ലെ എ3-211/2012 നമ്പർ വസ്തുനികുതി അന്തിമവിജ്ഞാപനം പ്രകാരം) 1,90,311/- രൂപ(അടിസ്ഥാന വസ്തുനികുതിയിൽ ഇളവില്ല, വഴിസൗകര്യത്തിന് വർദ്ധനവ് 20%) വസ്തുനികുതി നിർണ്ണയിച്ചിരിക്കുകയും, വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള കെട്ടിടത്തിന്റെ പഴയ വസ്തുനികുതിയായ 21,600/-രൂപയുടെ 100 ശതമാനം, 43,200/-രൂപയിൽ വസ്തുനികുതി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്(ജി.ഒ(എം.എസ്) 144/2015, ത.സ്വ.ഭ.വ, 27.04.2015ന്റെ അടിസ്ഥാനത്തിൽ). സ്ഥാപനം സമർപ്പിച്ചിട്ടുള്ള കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 'Integrated Consent to Operate ' പ്രകാരം 20 മുറികളുള്ള റിസോർട്ട്, 42 സീറ്റുള്ള റെസ്റ്റോറന്റ്, ബാൻകെറ്റ് ഹാൾ, ബിയർ&വൈൻ പാർലർ എന്നിവയാണ് സ്ഥാപനത്തിൽ ഉൾപ്പെടുന്നത്. ഇതു പരിഗണിക്കുകയാണെങ്കിൽ ടി സ്ഥാപനത്തിന് ബാധകമായ അടിസ്ഥാനവസ്തുനികുതി നിരക്ക്, അന്തിമവിജ്ഞാപനപ്രകാരം റിസോർട്ടുകൾക്ക് ബാധകമായ ച.മീറ്ററിന് 90 രൂപയും, വസ്തുനികുതി നിജപ്പെടുത്തൽ ബാധകമല്ലാത്തതുമാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10) വസ്തുനികുതി നിർണ്ണയിക്കുന്ന സമയത്ത് കെട്ടിടത്തിന്റെ ഉപയോഗക്രമം റിസോർട്ട് ആയിരുന്നില്ല എന്ന മറുപടിയാണ് നൽകിയത്. കെട്ടിടത്തിന്റെ വസ്തുനികുതി റിസോർട്ട് എന്ന ഉപയോഗക്രമമായി പരിഷ്കരിച്ച് നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

2-2-4 നിയമപരമായി നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടത്തിന് ഇളവ് അനുവദിച്ചു

ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ പ്രോപ്പർട്ടി ടാക്സ് റവന്യൂമൊഡ്യൂൾ പരിശോധിച്ചതിൽ, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 പ്രകാരം, നിയമപരമായി നികുതിയിളവിന് അർഹതയില്ലാത്ത സെക്രട്ടറി, ആർപ്പൂക്കര സർവ്വീസ് സഹകരണ ബാങ്ക് നം.1931 എന്ന ഉടമസ്ഥതയിലുള്ള 9/457 A(50 ച.മീ) കെട്ടിടത്തിന് നികുതിയിളവ് നല്കിയതായി കണ്ടു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7) കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ചതായി അറിയിച്ചു. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

2-3-1 തൊഴിൽനികുതി- ഈടാക്കിയതിൽ കുറവ്

2016-17 വർഷം വിവിധ സ്ഥാപനങ്ങളിലെ ചുവടെ കൊടുത്തിരിയ്ക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിയ്ക്കുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്, തസ്തിക,	അർദ്ധവർഷം	അർദ്ധ വാർഷിക	ഈടാക്കേണ്ട നികുതി	ഈടാക്കിയ നികുതി	കുറവ്

	സ്ഥാപനം		വരുമാനം			
1	ഹെലൻ ജോർജ്ജ്, ഓവർസിയർ ഗ്രേഡ്-3, KWA, ഗാന്ധിനഗർ	1	125886-	1250-	1000-	250-
2	രാഗേഷ് ബി.സി. ഓവർസിയർ ഗ്രേഡ്-3, KWA, ഗാന്ധിനഗർ	1	125886-	1250-	1000-	250-
3	പി.വി.അനിൽകുമാർ, v/sworker, KWA, ഗാന്ധിനഗർ	1	129090-	1250-	1000-	250-
4	ജയകുമാർ സി.എ., ലൈൻമാൻ, PWD ഇലക്ട്രിക്കൽ സെക്ഷൻ.	2	84960-	750-	600-	150-
5	അഖിൽ രവീന്ദ്രൻ, അറ്റൻഡർ, മെഡിക്കൽ കോളേജ് എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി	2	11182-	1000-	750-	250-
					ആകെ	1150-

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.7a) തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിശദവിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2-3-2 സ്ഥാപനങ്ങളിലെ 2-ാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2016-17 1ാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയ ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരാരും തന്നെ 2ാം അർദ്ധവർഷത്തെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനം
1	കെഎസ്ഇബി ഇലക്ട്രിക്കൽ ഡിവിഷൻ, പള്ളം
2	ഡയനോവ ഡയഗ്നോസ്റ്റിക്സ്, തേവര ബിൽഡിംഗ്
3	ഡയനോവ ഡയഗ്നോസ്റ്റിക്സ്, മെഡിക്കൽ കോളേജ്.

ഇത് സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നം.7a) കെ.എസ്.ഇ.ബി അയ്മനം പഞ്ചായത്ത് പരിധിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചതായാണ് അറിഞ്ഞതെന്നും ആയത് രേഖാമൂലം പിന്നീട് നൽകുന്നതാണെന്നും, മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി വിവരം അറിയിയ്ക്കേണ്ടതാണ്.

2-3-3 തൊഴിൽനികുതി ഒടുക്കിയിട്ടില്ല

മെഡിക്കൽ കോളേജിലെ 15 ഡോക്ടർമാരുൾപ്പെടെ 42 പേർ 2016-17 രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വകുപ്പ്	ജീവനക്കാരന്റെ പേര്, തസ്തിക
1	ലെ സെക്രട്ടറി & ട്രഷറർ	നിസാമുദ്ദീൻ പി.എൻ. റേഡിയോഗ്രാഫർ
2	"	മോഹനൻ എസ്., ഹോസ്പിറ്റൽ അറ്റൻഡർ
3	"	ഗ്രേസി തോമസ്, "
4	"	ജോയ് സെബാസ്റ്റ്യൻ, "
5	"	സുനിൽകുമാർ പി., സീ.ക്ലർക്ക്

6	"	ഉണ്ണികൃഷ്ണൻ നായർ, നഴ്സിംഗ് അസി.
7	"	അനിൽ ടി., സീ.ക്ലർക്ക്
8	"	ഗ്ലോറി എ.ടി., നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-1
9	"	പ്രമോദ്കുമാർ ആർ., JHI
10	"	ശ്രീലത ടി.ആർ., SN Gr-2
11	"	ശശികല ടി.കെ. "
12	"	അനി ജോൺ, "
13	"	ഗീത ബി. ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ
14	"	സുധിമോൾ എ.ടി., സീ.നഴ്സ്
15	"	ലിജിൻ ചിത്ര മാത്യു, "
16	"	മറിയാമ്മ കെ.കെ., ഹെഡ് നഴ്സ്
17	"	കൊച്ചുറാണി കെ.വി., ഹെഡ് നഴ്സ്
18	"	പുഷ്പി കെ.എം., "
19	"	സലീനാബീഗം, "
20	"	വിധുബാല പി.കെ., "
21	"	സിസിലി വർഗ്ഗീസ്, "
22	ജനറൽ സർജറി	ഡോ.ശരത് കെ.കൃഷ്ണൻ, അസി. പ്രൊഫസർ
23	"	ഡോ.സന്തോഷ് കുമാർ ആർ. അസോ. പ്രൊഫസർ
24	"	ഡോ.ചിന്താ സുലം, ലെക്ചറർ
25	"	ഡോ.റോണി ജെ.മാത്യു, അസി. പ്രൊഫസർ
26	ഒ & ജി	ഡോ.റെജി മോഹൻ, അസോ. പ്രൊഫസർ
27	ഒഫ്ത്താൽമോളജി	ഡോ.രഞ്ജിനി കോലഞ്ചേരി, അസി. പ്രൊഫസർ
28	ഇ എൻ ടി	ഡോ.ആഷാ സി.എസ്., അസിസ്റ്റന്റ് പ്രൊഫസർ
29	അനസ്തേഷ്യ	ഡോ.തോമസ് ജോസഫ്, അസി. പ്രൊഫസർ
30	"	ഡോ.ഉഷാകുമാരി, അസോ. പ്രൊഫസർ
31	കാർഡിയോ തൊറാസിക് വാസ്കുലാർ സർജറി	ഡോ.ആകാശ് ബാബു
32	ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ	ഡോ.പി.എസ്.സുരേഷ്കുമാർ, പ്രൊഫസർ
33		ഡോ.ജേക്കബ് എ. പുന്നൂസ്, സയന്റിഫിക് അസിസ്റ്റന്റ്
34	കമ്മ്യൂണിറ്റി മെഡിസിൻ	ഡോ.ഇന്ദു ഡി., അസോ. പ്രൊഫസർ

35	അനാട്ടമി	ഡോ.പ്രസന്ന എം.ബി., അഡി.പ്രൊ.
36	ബയോകെമിസ്ട്രി	ഡോ.നിഷാ എബ്രഹാം, സീ. ലെക്ചറർ
37	മെഡിക്കൽ കോളേജ്	ആലീസ് എൻ.ഡി., നഴ്സിംഗ് സൂപ്രണ്ട്
38	"	ഒ.എൻ.ഇന്ദിര, "
39	"	അന്ന വി.എ., "
40	"	വൽസമ്മ എബ്രഹാം, "
41	"	ഉഷ എം.പി., "
42	"	ബാബു കുര്യൻ, "

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന സ്ഥാപനത്തിലെ ഇത്രയധികം ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിച്ചിട്ടില്ലായെന്നത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പാളിച്ച വ്യക്തമാക്കുന്നു.
ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.7a) തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിശദവിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2-3-4 സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റി, മാവേലി സ്റ്റോർ എന്നിവയിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് നാളിതുവരെയുള്ള പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

2-4 ഇ-ടെൻഡർ- ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടെൻഡർ ഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ/പേര്	പ്രോജക്ട് അടങ്കൽ	ലഭിച്ച ടെൻഡറുകൾ/ ടെണ്ടർ ഫീയുടെ വിവരം
1	47/17-ചൻപൂഴി പിന്നക്കാട്ട് റോഡ് മെയിന്റനൻസ്	550000/--	2 @1160=2320/-
2	175/17 കസ്തൂർബ അങ്ങാടി ഓട നിർമ്മാണം	800000/-	4 @1680=6720/-

ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ തുക (മുൻ വർഷങ്ങളിലേതുൾപ്പെടെ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-5 വാടക കുടിശ്ശിക

വാടക കുടിശ്ശിക ഇനത്തിൽ തൻവർഷം ലഭിക്കുവാനുണ്ടായിരുന്ന 35,32,366 രൂപയിൽ 24,73,243 രൂപ ഇനിയും പിരിച്ചെടുക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20) പ്രസ്തുത തുക 2010-11 വർഷത്തെ കുടിശ്ശികയാണെന്നും ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസുള്ളതായും കൂടാതെ കുടിശ്ശിക ലഭിക്കാനുള്ള മുറികൾ നിലവിൽ പുനർലേലം ചെയ്ത് വാടക ഈടാക്കി വരുന്നതായും അറിയിച്ചു. കേസിന്റെ പുരോഗതി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-6 സംയുക്ത പ്രോജക്ടുകൾ- മാർഗരേഖയുടെ ലംഘനം

2016-17 വർഷം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ടിനായി 2,00,000 രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിരുന്നു. സംയുക്ത പ്രോജക്ടുകളുടെ പുതുക്കിയ മാർഗരേഖ, സർക്കാർ ഉത്തരവ് നം (പി) 7/2017/ ഫിൻ 27.01.2017 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ട്രഷറിയിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കേണ്ടതും, സംയുക്ത പ്രോജക്ടിനുള്ള തുക പ്രസ്തുത അക്കൗണ്ടിലേക്ക് ബ്ലോക്ക് പഞ്ചായത്ത് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്പെഷ്യൽ ടി.എസ്.ബി തുടങ്ങിയിരുന്നില്ല. പ്രസ്തുത തുക 06.03.2017ൽ ട്രാൻസ്ഫർ ക്രഡിറ്റ്

ചെയ്തത് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്കായിരുന്നു(അക്കൗണ്ട് നം.5701134336, എസ്.ബി.ഐ., ഗാന്ധിനഗർ). മേൽ പരാമർശിത പ്രോജക്ടിനായി ചെലവഴിച്ച ശേഷം ബാക്കിയുള്ള 2,363 രൂപ നിലവിൽ പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്നു(വാർഷിക ധനകാര്യ പത്രിക പ്രകാരം തുക നീക്കിയിരിപ്പില്ല) മേൽ പരാമർശിത ഉത്തരവ് ഖ.VI പ്രകാരം ഇംപ്ലിമെന്റിംഗ് ലോക്കൽ ബോഡി ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ്. ആയതിനാൽ തനത് ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക അടിയന്തിരമായി സർക്കാരിലേക്ക് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഹോസ്പിറ്റൽ കിയോസ്ക്- പ്രവർത്തനത്തിലെ അപാകതകളും അധികവേതനം നൽകിയതും

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.03.2007ലെ IV(4), V നമ്പരുകളിലുള്ള തീരുമാനങ്ങളുടെയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.01.2008 ലെ കെ എസ്/എ1/2477/07 നമ്പർ കത്ത് പ്രകാരവും സർക്കാർ ഉത്തരവ് നമ്പർ 62/07/എൽ.എസ്.ജി.ഡി.യുടെ പിൻബലത്തിലും നാല് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ പഞ്ചായത്തിൽ 01.04.2007 മുതൽ നിയമിയിക്കുകയുണ്ടായി. 2016-17 സാമ്പത്തികവർഷവും നാല് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ പഞ്ചായത്തിൽ തുടരുന്നു. 2 പേർ ആശുപത്രി കിയോസ്കിൽ രാവിലെ 10 മണി മുതൽ 5 മണി വരെയും 2 പേർ ഇതേ സമയക്രമത്തിൽ പഞ്ചായത്ത് ഓഫീസിലും ജോലി ചെയ്തു വരുന്നുണ്ട്. കിയോസ്കുകളുടെ പ്രവർത്തനത്തിലും ദിവസക്കൂലി നൽകിയതിലും ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(1) 27.03.2007ലെ ഭരണസമിതിതീരുമാനവും സർക്കാർ നിർദേശവും പ്രകാരം നാല് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ 24 മണിക്കൂറും ജോലി നിർവ്വഹിക്കണമെന്നായിരുന്നു. എന്നാൽ ഓഡിറ്റ് വർഷം നാല് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ജോലി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും രാവിലെ 10 മണി മുതൽ 5 മണി വരെ മാത്രമാണ് ജോലി നിർവ്വഹിച്ചിട്ടുള്ളത്

(2) നാല് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ആശുപത്രിയിൽ ജോലി നിർവ്വഹിക്കേണ്ട സാഹചര്യത്തിൽ രണ്ടു പേർ മാത്രമാണ് നിലവിൽ കിയോസ്കിൽ ജോലി നിർവ്വഹിക്കുന്നത്.

(3) ആശുപത്രി കിയോസ്കിൽ ലഭിക്കുന്ന വരവ് പഞ്ചായത്ത് അധികൃതർ കൃത്യമായി പരിശോധിക്കുന്നതിന്റെ രേഖകൾ ലഭ്യമല്ല. വാർഷിക കണക്ക് പ്രാകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(4) നാല് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ജോലിനിർവ്വഹിക്കുന്നതിനു പര്യാപ്തമായ സംവിധാനം കിയോസ്കിലില്ല. ഒരു കമ്പ്യൂട്ടർ മാത്രമുള്ള കിയോസ്കിൽ 100 ജനന/മരണ റിപ്പോർട്ടുകളുടെ കുടിശ്ശികയുള്ളതായി ഓഡിറ്റിന് നേരിട്ട് ബോധ്യപ്പെട്ടു. തൽഫലമായി രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ പഞ്ചായത്തിന്റെ ദൈനംദിന ജോലി നിർവ്വഹിക്കുവാൻ പഞ്ചായത്തിൽ നിയമിതരായിരിക്കുന്നു.

(5) ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നൽകിയിട്ടുള്ള ദിവസ വേതനം തദ്ദേസസ്വയംഭരണ വകുപ്പിന്റെ ഉത്തരവിനെ മറികടന്നാണ്. തദ്ദേസസ്വയംഭരണ വകുപ്പിന്റെ 18.01.2012ലെ 193/2012, ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ കിയോസ്കുകളിൽ പ്രവർത്തിക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം അവസാനമായി നിശ്ചയിച്ചതുപ്രകാരം 01.01.2012 മുതൽ 350 രൂപയാണ്. എന്നാൽ ജി.ഒ(പി)നം.466/2014, ഫിൻ തീയതി 28.10.2014 പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം 01.10.2014 പ്രാബല്യത്തിൽ 400 രൂപയായി വർദ്ധിപ്പിച്ചപ്പോഴും ജി.ഒ(പി)നം.28/16, ഫിൻ തീയതി 26.12.2014 ഉത്തരവു പ്രകാരം 675 രൂപയായി(പരമാവധി ഒരു മാസം 18,900) വർദ്ധിപ്പിച്ചപ്പോഴും നഗരസഭകളിലെ ആശുപത്രി കിയോസ്കുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം ആനുപാതികമായി തദ്ദേശസ്വയംഭരണ വകുപ്പ് താഴെ പറയും പ്രകാരം വർദ്ധിപ്പിച്ചു.

സ.ഉ(സാധാ) നം.210/16/ത.സ്വ.ഭ.വ തീയതി 20.01.2016 പ്രകാരം നഗരസഭകളിലെ ആശുപത്രി കിയോസ്കുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം 01.10.2014 പ്രാബല്യത്തിൽ 400 രൂപയായും സ.ഉ(സാധാ) നം.286/17/ ത.സ്വ.ഭ.വ തീയതി 02.02.2017 ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭയിലെ ആശുപത്രി കിയോസ്കുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം 675 രൂപയായി നിശ്ചയിച്ചു. എന്നാൽ കേരള കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ കം മെസഞ്ചേഴ്സ് യൂണിയൻ സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ആശുപത്രി കിയോസ്കുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന ആവശ്യപ്പെട്ടു. ടി അപേക്ഷ 5-ാമതായി വായിച്ചുകൊണ്ട് 13.06.2017ൽ സ.ഉ(സാധാ)നം.1959/17/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം എല്ലാ നഗരസഭകളിലെയും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം തിരുവനന്തപുരം നഗരസഭയിലേതിനു സമാനമായി 675 രൂപയായി ഉയർത്തുകമാത്രമാണ് ചെയ്തത്. എന്നാൽ ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രി കിയോസ്കുകളിലെ ഡാറ്റാ

എൻട്രി ഓപ്പറേറ്റർമാരുടെ വേതനം ഉയർത്തിനൽകിയില്ല. നാളിതുവരെ 01.01.2012 ലെ 350 രൂപ പ്രതിദിന നിരക്ക് എന്നതിനാണ് പ്രാബല്യം എന്നതിനാൽ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കോട്ടയം മെഡിക്കൽ കോളേജിലെ ആശുപത്രി കിയോസ്കിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ദിവസവേതനമിനത്തിൽ അധികം തുക നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ എണ്ണം, പ്രവൃത്തി ദിവസങ്ങൾ	വേതന മാസം	അനുവദിച്ച വേതനം	350/- രൂപ നിരക്കിൽ അനുവദിക്കാവുന്ന വേതനം	അധികം നൽകിയ തുക	ചെക്ക് നം.തീയതി	പേയ്മെന്റ് ഓർഡർ നം., തീയതി
2*400*23 2*400*31	03/2016	43200	(2*23*350)16100+ 21700(2*31*350)= 37800	5,400	50605/04.04.2016	516040/04.04.2016
3*24*675 2*30*675 (37800ൽ പരിമിതം)	04/2016	70200	16800(2*24*350)+ 21000(2*30*350)= 37800	32,400	50695/04.05.2016	5160035/04.05.2016
2*27*675 2*28*675	05/2016	74250	18900(2*27*350) + 19600(2*28*350)= 38500	35,750	50712/01.06.2016	51600129/01.06.2016
2*28*675 2*27*675	06/2016	74250	(2*28*350)19600 + (2*27*350) 18900= 38500	35,750	281657/01.07.2016	51600199/01.07.2016
2*27*675 2*28*675	07/2016	74250	(2*27*350) 18900 + (2*28*350) 19600= 38500	35,750	281665/01.08.2016	51600262/01.08.2016
4*27*675	08/2016	72900	(4*27*350) 37800	35,100	671631/01.09.2016	51600347/01.09.2016
4*24*675	09/2016	64800	(4*24*350) 33600	31,200	671647/01.10.2016	51600486/03.10.2016
2*26*675 2*25*675	10/2016	68850	(2*26*350) 18200 + (2*25*350) 17500=	33,150	827009/02.11.2016	51600539/02.11.2016

			35700			
4*27*675	11/2016	72900	(4*27*350) 37800	35,100	827025/01.12.2016	51600609/01.12.2016
3*27*675 1*28*675	12/2016	73575	(3*27*350) + (1*28*350) 38150	35,425	87463/01.01.2017	51600725/03.01.2017
4*27*675	01/2017	72900	4*27*350= 37800	35,100	87849/03.01.2017	51600801/03.01.2017
4*25*675	02/2017	67500	4*25*350=35000	32,500	472915/02.03.2017	51600923/02.03.2017
ആകെ				3,82,625		

ഇതു സംബന്ധിച്ച് 8.8.17ൽ നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. അധികമായി നൽകിയ വേതനം 3,82,625 രൂപ ഈ റിപ്പോർട്ടിലെ 4.8(ബി)യിൽ ചേർത്തിട്ടുള്ള അനുപാതത്തിൽ അതാത് ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-2 സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് ദിവസവേതനം നൽകി--ചെലവ് നിരാകരിക്കുന്നു

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.08.2016ൽ ചേർന്ന യോഗത്തിന്റെ IX-ാം നമ്പർ തീരുമാനപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ റിട്ടയേഡ് ഓഡിറ്റ് ഓഫീസർ ശ്രീ.വേണു ഗോവിന്ദൻ, റിട്ടയേഡ് പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി ശ്രീ.പി.എസ്.മുഹമ്മദ് സീതി എന്നിവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ഇവരെ നിയമിക്കുന്നതിന് പഞ്ചായത്തുകമ്മിറ്റി സൂചിപ്പിച്ചിട്ടുള്ള പ്രധാന കാരണങ്ങളും മാനദണ്ഡങ്ങളും താഴെചേർക്കുന്നു

(1) ഗ്രാമപഞ്ചായത്തിൽ 2015 നവംബർ മാസം മുതൽ 'നാളിതുവരെ' സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നു. 2016 മാർച്ച് മാസം മുതൽ ജൂൺ മാസം വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നു. 2016 മാർച്ച് മാസം മുതൽ ജൂൺ മാസം വരെ ജൂനിയർ സൂപ്രണ്ട് തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(2) 1996-97 മുതൽ 2013-14 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടി തയ്യാറാക്കണം.

(3) 04.07.2000 ലെ 189/2000 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 100 ദിവസം വരെ മനുഷ്യദിനത്തിൽ കുടിശ്ശിക ജോലിചെയ്യാൻ അനുവദിക്കുന്നു.

ജി.ഒ(പി)28/16/ഫിൻ തീയതി 26.02.2016 പ്രകാരം അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികയ്ക്ക് ദിവസവേതനം 975/- രൂപ അനുവദിക്കാം

മേൽപ്പറഞ്ഞ വ്യക്തികൾക്ക് താഴെവിവരിക്കും പ്രകാരം വേതനം നൽകിയിട്ടുണ്ട്

ജോലി ചെയ്ത കാലയളവ്	നൽകിയ തുക	മനുഷ്യദിനങ്ങൾ	ചെക്ക് നം	വൗച്ചർ നം
25.08.2016- 31.08.2016	10,725	11(2 പേർ)	51010/09.09.2016	340
01.09.2016-30.09.2016	31,200	32(2 പേർ)	51033/04.10.2016	
01.11.2016-30.11.2016	18,525	19(2 പേർ)	51251/30.12.2016	
01.10.2016-31.10.2016	33,150	34(2 പേർ)	51206/03.11.2016	489
ആകെ	93,600			

പഞ്ചായത്ത് ഭരണസമിതി ദിവസവേതനത്തിന് ഉദ്യോഗസ്ഥരെ നിയമിച്ച കാരണങ്ങളും മാനദണ്ഡങ്ങളും അംഗീകരിയ്ക്കത്തക്കതല്ല. കമ്മിറ്റി തീരുമാനത്തിൽ പ്രതിപാദിച്ചിട്ടുള്ള ഉത്തരവ്, ഓഡിറ്റ് തടസ്സം നീക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ളതല്ല. മറിച്ച് പഞ്ചായത്തിന്റെ തനത് ജോലികളുടെ കുടിശ്ശിക നിവാരണത്തിന് ഒരു പ്രത്യേക കാലയളവിലേക്ക് മാത്രം സർക്കാർ നൽകിയ അനുമതിയാണ്. ഇതു

സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22)നൽകിയ മറുപടി തൃപ്തികരമല്ല. ക്രമപ്രകാരമല്ലാതെ വേതനമിനത്തിൽ നൽകിയ 93,600 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-3 സർക്കാർ നിർദേശം മറികടന്ന് പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർക്ക് അധിക യാത്രാപ്പടി നൽകി

ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർ സിജിമോൻ കെ.ജി. യാത്രാപ്പടി ഇനത്തിൽ താഴെ പ്രതിപാദിക്കും പ്രകാരം 4,430 രൂപ അധികം നൽകിയിട്ടുണ്ട്.

യാത്രയുടെ കാലയളവ്	കൈപ്പറ്റിയ തുക	ചെക്ക് നം.	വൗച്ചർ നം.	റിമാർക്സ്
7/16- 9/16	4,430(39,000 ബിൽതുക)	472931/13.03.2017	2160097, 13.03.2017	

എന്നാൽ യാത്രാപ്പടി നൽകിയിരിക്കുന്നത് നിലവിലിരിക്കുന്ന സർക്കാർ ഉത്തരവുകൾ മറികടന്നുകൊണ്ട് ആണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. യാത്രാപ്പടിയും സംസ്ഥാനസർക്കാരിന്റെ ഉദ്യോഗസ്ഥരുടെ സീലിംഗും സംബന്ധിച്ച് 09.09.2016ൽ ജി.ഒ(പി)നം.137/16/ഫിൻ, ആയി ഏറ്റവും അവസാനം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിനുമുമ്പ് ജി.ഒ(പി)നം.74/2012 ഫിൻ തീയതി 28.01.2012 പ്രകാരമുള്ള ടി.എ സീലിംഗ് ഉത്തരവാണ് നിലവിലുണ്ടായിരുന്നത്. മേൽ ഉത്തരവ് പ്രകാരം 01.07.2011 മുതൽ 08.09.2016 വരെയുള്ള കാലയളവിൽ നിലവിലുണ്ടായിരുന്ന യാത്രാപ്പടി സീലിംഗ് പരിധി മറികടന്നാണ് താൽക്കാലിക ഡ്രൈവർക്ക് യാത്രാപ്പടി നൽകിയിട്ടുള്ളത്. 'Officers with jurisdiction over the Revenue District ന്(ഇനം. 5) ബാധകമായ പ്രതിമാസ സീലിംഗ് 1,050/- രൂപയും ത്രൈമാസ സീലിംഗ് 3,150/- രൂപയുമാണ്. അതുപോലെ 'Officers with jurisdiction over a part of the District(Sub Revenue District Jurisdiction) ന്(ഇനം. 6) പ്രതിമാസം 980/- ഉം ത്രൈമാസം 2,940/- രൂപയുമാണ്. പഞ്ചായത്ത് ഡ്രൈവർ ജില്ലയിൽ പല സ്ഥലങ്ങളിലും യാത്ര ചെയ്യേണ്ടി വരുമെന്നതിനാൽ ആദ്യ ശീർഷകത്തിൽ (ഇനം.5) ഉള്ള സീലിംഗ് പരിഗണിച്ചാൽ താഴെപ്രദിപാദിക്കുന്ന രീതിയിൽ യാത്രാപ്പടിയിനത്തിൽ അധികം തുക കൈപ്പറ്റിയിട്ടുണ്ട്.

യാത്ര ചെയ്ത മാസം	സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന തുക	നൽകിയ തുക	അധികം നൽകിയത്	ത്രൈമാസ സീലിംഗിൽ അധികരിച്ച തുക
07/2016	1050	2750	1700	
08/2016	1050	2750	1700	
09/2016	1470	2500	1030	4430
ആകെ				4,430

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21)ന് മറുപടി നൽകിയില്ല. അധികം നൽകിയ 4,430 രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-4 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ-സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപിച്ചതിന്റെയും രേഖകളില്ല

2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയും തനതുഫണ്ടിൽ നിന്ന് നേരിട്ടും തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങിയതിന് ആകെ 16,16,798/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	പ്രോജക്ട് നം./പേര്	ഫണ്ട്	ചെലവഴിച്ച തുക
1	സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-181/17	തനത്ഫണ്ട്	1,93,837/-
2	തെരുവുവിളക്ക് സ്ഥാപിക്കൽ-50/17	ലോകബാങ്ക് ധനസഹായം	12,94,301/-
3	സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ്	തനതുഫണ്ട് ബിൽ നം.282/17.8.16	1,00,000/-
4	,,	തനതുഫണ്ട് ചെക്ക് നം.50707/23.5.16	13,065/-
5	,,	തനതുഫണ്ട് ചെക്ക്	4,082/-

		നം.51240/19.12.16	
6	,,	തനതുഫണ്ട് ചെക്ക് നം.51281/15.2.17	2,195/-
7		തനതുഫണ്ട് ചെക്ക് നം.51298/22.3.17	9,318/-
	ആകെ		16,16,798

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ക്രമ നം 2 പ്രകാരം 750 എൽ ഇ ഡി ബൾബുകൾ എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നുംവാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി കരാർ വച്ചതിന്റെ രേഖകളില്ല. എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിലില്ല. ടി സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 15-ൽ രേഖപ്പെടുത്തുകയും സ്റ്റോക്കിൽ 750 എണ്ണം നീക്കിയിരുപ്പായും കാണിച്ചിരിക്കുന്നു.

2)ക്രമ നം 1 പ്രകാരം വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 1 മുതൽ 15 വരെയുള്ള വാർഡുകളിലെ മെമ്പർമാരുടെ പേരെഴുതി വാങ്ങിയ സാധനങ്ങളുടെ പേരും ചേർത്തിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ആരും കൈപ്പറ്റിയതായി കാണുന്നില്ല.

3) ക്രമ നം 3 പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപിച്ചതിന്റെയും വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് 10.8.17ൽ നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പട്ട ജോലികൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ റിപ്പോർട്ട് ഉടൻ നൽകുമെന്നും എക്സ്റ്റ്മീറ്റിംഗിൽ പ്രസിഡന്റ് അറിയിക്കുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്റർ തികച്ചും ലാഘവത്തോടെ കൈകാര്യം ചെയ്തിട്ടുള്ളത് ശരിയായ നടപടിയല്ല. ടി അപാകതകൾ നിലനിൽക്കുന്നതിനാൽ 16,16,798/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-5 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങലും സ്ഥാപിക്കലും (പ്രോജക്ട് നം.2/17) -സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുകയ്ക്കുള്ള ഡിഡി എടുത്തിരിക്കുന്നു

2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്ടിനായി വികസനഫണ്ട് 4,00,000/-രൂപയും തനതുഫണ്ട് 12,000/- രൂപയും വകയിരുത്തിയിരുന്നു. കമ്പ്യൂട്ടറുകൾ വാങ്ങിയതിന് പിൻവലിച്ച വികസനഫണ്ട് 2,60,000/-(ബിൽ നം 923/23.3.17) Novae systems എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. UPS&Batteryക്ക് വേണ്ടി പിൻവലിച്ച വികസനഫണ്ട് 1,40,000/-രൂപയും (ബിൽ നം 923/23.3.17) തനതുഫണ്ട് 12,000/-രൂപയും (ട്രഷറി ടിഎസ്ബി അക്കൗണ്ടിൽ നിന്നും പിൻവലിച്ച്) 30.3.17ൽ സെക്രട്ടറിയുടെ പേരിലുള്ള തനത്ഫണ്ട് അക്കൗണ്ടിലേക്ക്(എസ്.ബി.ടി മെഡിക്കൽ കോളേജ് ശാഖ) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. Hykon India Pvt Ltd എന്ന സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം UPS&Battery യുടെ വില 1,52,000/-രൂപയാണ്. എന്നാൽ ടി സ്ഥാപനത്തിന് 1,52,000/ രൂപ നൽകേണ്ടതിന് പകരം 21.6.17 ലെ ചെക്ക് നം 6,16,434 പ്രകാരം 1,62,000/-രൂപ പിൻവലിച്ച ഡിഡി (നം.944613/21.6.17) സ്ഥാപനത്തിന് നാളിതുവരെ നൽകാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത്തരത്തിൽ തനതുഫണ്ടിൽ നിന്നും 10,000/-രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്. ടി തുക തനത്ഫണ്ടിലേക്ക് അടിയന്തിരമായി തിരികെ ഒടുക്കേണ്ടതാണ്.

20.03.2017 ലെ സർക്കുലർ നമ്പർ 15/2017/ഫിൻ പ്രകാരം തുകകൾ ട്രഷറിയിൽ നിന്ന് നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നും, വലിയ തുകകൾ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിലും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും നിക്ഷേപിക്കുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചിരുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി സെക്രട്ടറിയുടെ പേരിലുള്ള തനത്ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയും പിന്നീട് ഗുണഭോക്താവിന്റെ പേരിൽ തുക നൽകുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങളിൽ Dell LED Monitor 1എണ്ണം കേടായതായും, 2 LED Monitor കൾ ഉപയോഗിക്കാതെ പഞ്ചായത്തിൽ സൂക്ഷിക്കുന്നതായും കാണുന്നു. വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ ഫയലിലില്ല. ആവശ്യാധിഷ്ഠിതമായി മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-6 വയോജനവിശ്രമ കേന്ദ്രത്തിന് ഫർണ്ണിച്ചറും ടെലിവിഷൻ സെറ്റും- പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം.	181/17

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	വികസനഫണ്ട്
ചെലവ് വിശദാംശങ്ങൾ	ബിൽനം 941/28.3.17-45000/-
	,,953(2)/29.3.17-26049/-
	,,953(1)/29.3.17-4950/-

വയോജനവിശ്രമ കേന്ദ്രത്തിന് നൽകുന്നതിനായി 40" എൽ ഇ ഡി ടിവി-1 എണ്ണം QRS എന്ന സ്ഥാപനത്തിൽ നിന്നും, സ്റ്റീൽ ടേബിൾ-1, സ്റ്റീൽ ഫുൾ ആം ചെയർ-1, പ്ലാസ്റ്റിക്ക് ചെയർ-30 എന്നിവ വാങ്ങിയിട്ടുണ്ട്.

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 40" എൽ ഇ ഡി ടിവി, സ്റ്റീൽ ടേബിൾ, പ്ലാസ്റ്റിക്ക് ചെയർ എന്നിവ വയോജനവിശ്രമ കേന്ദ്രത്തിന് കൈമാറിയതിന്റെയും സ്ഥാപനം കൈപ്പറ്റിയതിന്റെയും രേഖകളില്ല.

2) കേബിൾ കണക്ഷനുവേണ്ടി മെഗാവിഷൻ എന്ന സ്ഥാപനത്തിന് നൽകുന്നതിന് എടുത്ത 4,950/-രൂപയുടെ ഡിഡി പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി കാണുന്നു. വികസനഫണ്ട് വിനിയോഗിച്ച് ഇത്തരത്തിലുള്ള ചെലവ് അനുവദനീയമല്ലാത്തതിനാൽ ടി തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

3) കറന്റ് കണക്ഷൻ ലഭിക്കാത്ത ടി സ്ഥാപനത്തിന് വേണ്ടി ടിവി സെറ്റ് വാങ്ങിയത് ശരിയായ നടപടിയല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14 ന് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 75,999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-7 അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം-താല്ക്കാലിക ജീവനക്കാർക്ക് അധിക തുക നൽകി

അടങ്കൽ	ചെലവ്
തനതുഫണ്ട്- 11,82,600-	ചെക്ക് നം.2281732/24.3.17- 2,86,322/-
	ചെക്ക് നം.4512166/30.1.17- 8,62,964/-
	ആകെ- 11,49,286/-

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം നൽകൽ പദ്ധതിയിൽ താൽക്കാലിക ജീവനക്കാർക്ക് വേതനം കണക്കാക്കിയപ്പോൾ ചില ജീവനക്കാർക്ക് ചില മാസങ്ങളിൽ അധികം തുക കണക്കാക്കിയിട്ടുള്ളതായി അവരുടെ ഹാജർ പുസ്തകവും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തയ്യാറാക്കിയ അറ്റൻഡൻസ് സ്റ്റേറ്റ്മെന്റും ഒത്തുനോക്കിയതിൽ ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പേര്, തസ്തിക		4/16	5/16	6/16	7/16	8/16	9/16	10/16	11/16	12/16	1/17	2/17	3/17	ആകെ	അധികം നൽകിയത്
ബെറ്റ്സി മോൾ MK, ഹെൽപ്പർ	ഹാജർ (രജി. പ്രകാരം) നൽകാവുന്ന തുക	26. 1257-	24. 1122-	25. 1208	23. 1076-	0	0	0	0	0	0	21. 982-	26. 1216	145. 6861	106
	ഹാജർ (കണക്കാക്കിയത്) നൽകിയ തുക	24. 1160-	24. 1122-	25. 1208-	24. 1122-	0	0	0	0	0	0	22. 1139-	26. 1216-	145. 6967	
നിബി മോൾ. M.N, ഹെൽപ്പർ	ഹാജർ(രജി. പ്രകാരം) നൽകാവുന്ന തുക	0	0	0	0	20. 935-	18. 870-	20. 935-	23. 1112-	23. 1076-	19. 889-	0	0	123. 5817	561-

	ഹാജർ (കണക്കാക്കിയത്) നൽകിയ തുക	0	0	0	0	24. 1122-	18. 870-	21. 982-	25. 1208-	24. 1122-	23. 1075-	0	0	135. 6378	
രജിത. ഹെൽപ്പർ	ഹാജർ (രജി. പ്രകാരം) നൽകാവുന്ന തുക	0	0	25. 1208-	24. 1123-	21. 982-	15. 725-	20. 935-	25. 1208-	0	0	0	0	130. 6181	194-
	ഹാജർ (കണക്കാക്കിയത്) നൽകിയ തുക	0	0	25. 1208-	24. 1176-	24. 1076-	15. 725-	21. 982-	25. 1208-	0	0	0	0	134. 6375	
ആകെ															861-

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.23)അധികം നൽകിയ തുക തിരികെ അടവാക്കുന്നതാണെന്ന് മറുപടി നൽകി. തുക ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3-8 ആയുർവ്വേദ മരുന്നുവാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ആയുർവേദ മരുന്നുവാങ്ങുന്നതിനായി ഔഷധിക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ചെലവു തുക	ലഭിച്ച മരുന്നുകളുടെ വിവരം(തുക)	ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക)
1	8/17 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ	4,00,000/- ബിൽ നം 633/30.12.16	1,36,440/-	2,63,560/-
2	13/17 പകർച്ചവ്യാധി നിയന്ത്രണം- ആയുർവേദം	1,00,000/- ബിൽ നം 634/30.12.16	63,236/-	36,764/-

മേൽ പ്രോജക്ടുകളിലായി ആകെ 3,00,324/- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്. ആയതിനാൽ 3,00,324/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്നമുറക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക്ഹാജരാക്കേണ്ടതാണ്.

3-9 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആയുഷ് (എൻ എച്ച് എം) പി എച്ച് സി (ഹോമിയോ) ക്ക് വേണ്ടി മരുന്നു വാങ്ങുന്നതിനായി ആകെ 2,00,000 രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. (ഡി.ഡി.നം 3355575/30.11.2016). എന്നാൽ 56,820/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ഇതുവരെയും ലഭിച്ചിട്ടുള്ളു. ബാക്കി 1,43,180/-രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്. ആയതിനാൽ 1,43,180/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്നമുറക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-10 സാന്ത്വനം പരിചരണം പദ്ധതി- മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോ.നം.15/17 -സാന്ത്വനം പരിചരണം പദ്ധതി
ചെലവ്-5,54,074 രൂപ

പി.എച്ച്.സി.മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ മരുന്നു വാങ്ങലിനായി 1,36,583 രൂപ ബിൽ നം.4/16-17 പ്രകാരം 15.03.2017ൽ പിൻവലിച്ച് കെ.എം.എസ്.സി.എൽ. മാനേജരുടെ പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ട് നം.3624001800000019ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ 1,36,583 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതാണ്.

3-11 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

2016-17 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ എജൻസികൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	കൈമാറിയ തുക	ബിൽ നമ്പർ	നിർവ്വഹണ ഏജൻസി
11/17 വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ	19,45,000/- 92,000/-	625/29.12.16 626/29.12.16	വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ
12/17 വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ	2,85,610/-	609/15.11.16	അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ
31/17 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ	10,00,000/-	785/17.2.17	വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ
194/17 പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ വാർഡ് 13	1,80,000/-	812/25.2.17	വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ
193/17 സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 1	49,980/-	810/25.2.17	അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ
5/17 എസ് എസ് എ	5,00,000/-	520/19.11.16	പ്രോജക്ട് കോ ഓർഡിനേറ്റർ, എസ് എസ് എ

ചെലവ് തുകകളുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ആകെ തുകയായ 40,52,590/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-12 കന്നുകുട്ടി പരിപാലനം-പദ്ധതി തുക ചെലവഴിക്കാതെ ശേഷിക്കുന്നു

പ്രോ.നം.21/17
ചെലവ്: 625000- (200000-വികസനഫണ്ട്, 425000-തനതുഫണ്ട്)

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതിക്കായി പിൻവലിച്ച 6,25,000 രൂപയിൽ വികസനഫണ്ട് വിഹിതമായ 2,00,000 രൂപ 31.03.17ലും, 4,25,000 രൂപ 01.04.17ലും വെറ്ററിനറി സർജ്ജന്റെ അക്കൗണ്ടിൽ (നം.6700472397-2) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. പദ്ധതി നടത്തിപ്പിനായി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് 354468/20.04.17നം.ഡി.ഡി.യായി തുക നല്കിയെങ്കിലും 31.03.17ന് ശേഷം കൈമാറുന്ന തുക 16-17ലെ പദ്ധതിയിൽ ഉൾപ്പെടുത്താനാവില്ലെന്ന കാരണത്താൽ അസിസ്റ്റന്റ് ഡയറക്ടർ തുക കൈപ്പറ്റാതെ തിരികെ നല്കി. 30.05.17ൽ വെറ്ററിനറി സർജ്ജന്റെ അക്കൗണ്ടിൽ തിരികെ വന്ന തുക നാളിതുവരേയും അക്കൗണ്ടിൽ തന്നെ ശേഷിക്കുന്നു. ഇതു സംബന്ധിച്ച് നല്കിയ അന്വേഷണത്തിന്(നം.9) മുൻ വർഷങ്ങളിൽ മാർച്ച് 31ന് ശേഷമാണ് പദ്ധതി നടപ്പാക്കിയിരുന്നതെന്നും ചെലവഴിക്കാത്ത പദ്ധതിപ്പണം

ട്രഷറിയിൽ തിരികെയടയ്ക്കുന്നതിനെക്കുറിച്ച് വ്യക്തതയില്ലാതിരുന്നതിനാലാണ് തുക വെറ്ററിനറി സർജ്ജന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. സാമ്പത്തിക വർഷം അവസാനിച്ച് 5 മാസം കഴിഞ്ഞിട്ടും 16-17 വർഷത്തെ പദ്ധതി നടത്തിപ്പിനായി പിൻവലിച്ച തുക ട്രഷറിയിൽ തിരിച്ചടയ്ക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന സ്ഥിതി തുടരുന്നത് അംഗീകരിക്കാനാവില്ല. ആയതിനാൽ 6,25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി തുക അടിയന്തിരമായി ട്രഷറിയിലും, തനത് ഫണ്ട് തുക പഞ്ചായത്ത് ഫണ്ടിലും അടിയന്തിരമായി തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

3-13 പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ-- അപാകതകൾ -ചെലവു തുക തടസ്സപ്പെടുത്തുന്നു

(1)ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ 2016 നവംബർ മാസത്തിൽ പടർന്നുപിടിച്ച പക്ഷിപ്പനി പ്രതിരോധപ്രവർത്തനങ്ങളുടെ പേരിൽ നടത്തിയ ചെലവുകൾ ഭൂരിപക്ഷവും സ്വയംവിവരണാത്മകമല്ലായെന്ന് കാണുന്നു. ഉദാഹരണത്തിന് 24-ാം നമ്പർ വൗച്ചർ പ്രകാരം, 52,700 രൂപ ഭക്ഷണത്തിന് ചെലവഴിച്ചിട്ടുണ്ടെങ്കിലും അനുബന്ധരേഖകൾ ലഭ്യമല്ല. അതുപോലെ 1,96,090/-രൂപ 09.11.16ൽ വിറകു വാങ്ങുന്നതിനായി ചെലവഴിച്ചിരുന്നിട്ടുണ്ടെങ്കിലും ആയതിനുള്ള ആവശ്യകത വ്യക്തമല്ല. 74 അംഗങ്ങളുള്ള ദ്രുതകർമ്മസേന സംഘത്തിനുപുറമെ ഭീമമായ തുക നല്കി തൊഴിലാളികളെ നിയമിച്ചതിന്റെ കാരണം ഫയലിൽ വ്യക്തമല്ല. അടിയന്തിരസാഹചര്യത്തിന്റെ പേരിൽ നടപടിക്രമങ്ങൾ പാലിക്കാതെയും കേന്ദ്രീകൃതമായും തുക ചെലവഴിച്ച സാഹചര്യം നിലനിൽക്കുന്നു.

(2) കളക്ടറുടെ നിർദ്ദേശം പാലിച്ചില്ല

ജില്ല ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെയും കോട്ടയം ജില്ലാ കളക്ടറുടെയും 16.01.2016ലെ 450/16/ ഡിപിസി/ഡിപിഒ/കെ.റ്റി.എം.നം. നടപടിക്രമം പ്രകാരം പഞ്ചായത്തിലെ പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവായ 5,40,603 രൂപ തനതുഫണ്ടിൽ നിന്നും കണ്ടെത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൽ സർക്കാർ അനുമതിക്കു വിധേയമായിട്ടാണ് പ്രസ്തുത ചെലവു ചെയ്യേണ്ടതെന്നും നിർദ്ദേശമുള്ളതാണ്. എന്നാൽ 01.11.16 മുതൽ 12.11.16 വരെ നടത്തിയ മേൽ ചെലവിന് നാളിതുവരേയും സർക്കാരിന്റെ അനുമതി വാങ്ങിയിട്ടില്ല. പ്രസ്തുത വിഷയത്തിന്മേൽ നല്കിയ 16-ാം നം. അന്വേഷണക്കുറിപ്പിന് ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർക്ക് ഇതു സംബന്ധിച്ച് കത്തു നല്കിയിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും ആയതിന് നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. സർക്കാർ അനുമതി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.
മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ കാരണം 5,40,603 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-14 ശ്രീ.റ്റി.എസ്.ശിവൻകുട്ടി സീനിയർ ക്ലാർക്ക്-ഹാജർ ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ഹാജർ പുസതകം പരിശോധിച്ചതിൽ ശ്രീ.റ്റി.എസ്.ശിവൻകുട്ടി സീനിയർ ക്ലാർക്ക് 7.4.16 മുതൽ 29.4.16 വരെയുള്ള ദിവസങ്ങളിൽ ഓഫീസിൽ ഹാജരായതായി കാണുന്നില്ല. ടി ദിവസങ്ങൾ ക്രമീകരിച്ചതിന്റെയും ഇക്കാലയളവിലെ ശമ്പളം നൽകിയതിന്റയും വിശദാംശങ്ങൾ ഹാജരാക്കണമെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ടി ദിവസങ്ങൾ എങ്ങനെ ക്രമീകരിച്ചു എന്നത് പരിശോധിച്ച് ഇക്കാലയളവിൽ അധിക ശമ്പളം നൽകിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3-15 വെള്ളക്കരം

ഗ്രാമപഞ്ചായത്തിലെ 59 പൊതു ടാപ്പുകൾക്ക് (ടാപ്പൊന്നിന് പ്രതിവർഷം 5,250 രൂപ കണക്കിൽ)വെള്ളക്കരമിനത്തിൽ 25,813 രൂപയാണ് അടച്ചുവരുന്നത്. ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 09.06.16ലെ I(2)ാം നം. തീരുമാനപ്രകാരം പഞ്ചായത്തിലെ മിക്ക പൊതുടാപ്പുകളും ഉപയോഗശൂന്യമാണെന്നും ആയതിനാൽ കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുന്നതിനും തീരുമാനിച്ചു. ഇതു സംബന്ധിച്ച് നല്കിയ അന്വേഷണത്തിന് (നം.8) സംയുക്ത പരിശോധന ആവശ്യപ്പെട്ട് പഞ്ചായത്ത് നല്കിയ കത്തിന് ഗ്രാമപഞ്ചായത്ത് പ്രതിനിധിയായി പഞ്ചായത്ത് പ്രസിഡന്റും വാട്ടർ അതോറിറ്റി പ്രതിനിധിയായി അസിസ്റ്റന്റ് എഞ്ചിനീയറും ഒപ്പു വച്ച 178 ടാപ്പുകൾ നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കുന്ന രേഖ വാട്ടർ അതോറിറ്റിയുടെ കൈവശമുണ്ടെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ഇതിൻപ്രകാരം വെള്ളക്കരം ഇപ്പോഴുള്ളതിലും മൂന്നിരട്ടിയായി വർദ്ധിക്കുവാനിടയാകും. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്താതെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ചതു സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് ബന്ധപ്പെട്ട അധികാരികൾക്ക് ശുപാർശ ചെയ്യുന്നു.

3-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് പ്രവർത്തികളുടെ ഫയൽപരിശോധിച്ചതിൽ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളുടെ

പുനരുദ്ധാരണത്തിന് തുക ചെലവഴിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമനം	പ്രോജക്റ്റ് നം./പേര്	ചെലവ്
1	71/17-കുന്നേൽ-കാട്ടാമ്പാറ റോഡ്	1,29,743/-
2	91/17-മൈലാവേലി പത്തിൽ റോഡ്	3,90,965/-
3	105/17-പ്രാപ്പുഴ മുക്കേൽ റോഡ്	1,85,349/-
4	114/17-ചൂരക്കാവ് കാട്ടാമ്പുഴ റോഡ്	2,95,362/-
5	123/17 നേര്യന്തറ റോഡ്	1,98,359/-
6	148/17-കൈപ്പുഴമുട്ട് ചകിരിയാറ്റിൻചിറ റോഡ്	93,842/-

ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതംനൽകിയ സ്ഥാപനം	തുക ലഭിച്ച തീയതി	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്	06.03.2017(ട്രാൻസ്ഫർ ക്രഡിറ്റ്- എസ് ബി ഐ ഗാന്ധിനഗർ, അക്കൗണ്ട് നം.5701134336)	2,00,000	പ്രോജക്ട് നം.22/2016-17-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പഠനസഹായം	1,97,637	2363(*)

(*) വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പില്ല. ആയത് അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക(രൂപ)	ചെലവഴിച്ച തുക(രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ)
കെ.എസ്.ഇ.ബി	12/2016-17- വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	2,85,610	0	2,85,610
“ “	1932016-17- സ്ട്രീറ്റ് മെയിൻ വലിക്കൽ	49,980	0	49,980
കേരള ജല അതോറിറ്റി	11-2016-17വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ വലിക്കൽ	20,37,000	0	20,37,000
“ “	31/2016-17 പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള	10,00,000	0	10,00,000

	പൈപ്പ്ലൈൻ വലിക്കൽ			
“ “	194/2016-17- പൈപ്പ്ലൈൻ വലിക്കൽ വാർഡ് 13	1,80,000	0	1,80,000
ആകെ		35,52,590		35,52,590(*)

(*)വാർഷിക ധനകാര്യപത്രകയുമായി(ബി-18ഷെഡ്യൂൾ) പൊരുത്തപ്പെടാത്തത് അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ചെലവ് ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	35 38	2002-03	5-4(1) 5-4(2)	പൈപ്പ്ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ പാറപ്പുറം ശുദ്ധജല വിതരണ പദ്ധതി- ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.	-

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	7,84,42,153.94
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	4,94,21,109.00
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	4,81,516
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	74,91,077

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1		37,800	ശ്രീ.പ്രദീപ് പി.ജി., സെക്രട്ടറി
		71,500	ശ്രീ.വി.കെ.രാജീവ്, സെക്രട്ടറി-ഇൻ-ചാർജ്ജ്
		1,70,300	ശ്രീ.ഇ.ഷാനവാസ്, സെക്രട്ടറി-ഇൻ-ചാർജ്ജ്
		1,03,025	ശ്രീ.രാധാകൃഷ്ണ കമ്മത്ത് എസ്., സെക്രട്ടറി
3-2		93,600	ശ്രീ.ഇ.ഷാനവാസ്, സെക്രട്ടറി-ഇൻ-ചാർജ്ജ്
3-3		4,430	ശ്രീ.രാധാകൃഷ്ണ കമ്മത്ത് എസ്., സെക്രട്ടറി
3-7		861	ശ്രീ.സവിത, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
	ആകെ	**4,81,516**	

സി) <u>**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	14,99,651	ശ്രീ.രാധാകൃഷ്ണ കമ്മത്ത് എസ്., സെക്രട്ടറി
	1,04,082	ശ്രീ.ഇ.ഷാനവാസ്, സെക്രട്ടറി-ഇൻ-ചാർജ്ജ്
	13,065	ശ്രീ.വി.കെ.രാജീവ്, സെക്രട്ടറി-ഇൻ-ചാർജ്ജ്
3-6	75,999	ശ്രീ.രാധാകൃഷ്ണ കമ്മത്ത് എസ്., സെക്രട്ടറി
3-8	3,00,324	ശ്രീ.രാധാകൃഷ്ണ കമ്മത്ത് എസ്., സെക്രട്ടറി
3-9	1,43,180	ശ്രീ.ഇ.ഷാനവാസ്, സെക്രട്ടറി-ഇൻ-ചാർജ്ജ്
3-10	1,36,583	ഡോ.റോസ്‌ലിൻ ജോസഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
3-11	32,66,080	ശ്രീ.രാധാകൃഷ്ണ കമ്മത്ത് എസ്., സെക്രട്ടറി
	7,86,510	ശ്രീ.ഇ.ഷാനവാസ്, സെക്രട്ടറി-ഇൻ-ചാർജ്ജ്
3-12	6,25,000	ഡോ.പി.ബിജു, വെറ്ററിനറി സർജൻ
3-13	5,40,603	ഡോ.പി.ബിജു, വെറ്ററിനറി സർജൻ
ആകെ	**74,91,077**	

(സി) <u>**കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**</u>

ഇല്ല

(ഡി) <u>**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**</u>

ഇല്ല

(ഇ) <u>**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)	സ്ഥിരം മേൽവിലാസം

	ഔദ്യോഗിക മേൽവിലാസം	
ശ്രീ.പ്രദീപ് പി.ജി., സെക്രട്ടറി	--	പുതുവീട്ടിൽ, മൂലവട്ടം പി.ഒ., കോട്ടയം
ശ്രീ.വി.കെ.രാജീവ്, സെക്രട്ടറി-ഇൻ-ചാർജ്ജ്	--	ജയനിവാസ്, രാമപുരം ബസാർ പി.ഒ., രാമപുരം, കോട്ടയം
ശ്രീ.ഇ.ഷാനവാസ്, സെക്രട്ടറി-ഇൻ-ചാർജ്ജ്	അസിസ്റ്റൻ്റ് സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്	താന്നിക്കൽ വീട്, എസ്.വി.എ.എം., കരുനാഗപ്പള്ളി, കൊല്ലം
ശ്രീ.രാധാകൃഷ്ണ കമ്മത്ത് എസ്., സെക്രട്ടറി	--	രാധാമാധവം, കോർഡിയൽ കാസിൽസ്, കൊമ്പുള്ളൂർ പി.ഒ., തിരുവനന്തപുരം
ശ്രീ.സവിത, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്	ലക്ഷംവീട്, കുമരകം ഈസ്റ്റ്, കോട്ടയം

4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിൻ്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	നം.എൽ.എഫ്.കെ.പി3/810/03/17.5.04/9.6.04	-
2000-01	നം.എൽ.എഫ്.കെ.പി4/677/07/17.12.07	-
2001-02	നം.എൽ.എഫ്.കെ.പി4/719/07/21.1.08	
2002-03 (ചെലവ്)	നം.എൽ.എഫ്.കെ.പി4/243/07/11.2.08	-
1996-97 (വരവ്)	നം.എൽ.എഫ്.കെ.പി10/277(2)/അദാ.)/14/31.5.14	-
1998-99(വരവ്)	നം.എൽ.എഫ്.കെ.പി10/277(5)/അദാ.)/14/31.5.14	-
2002-03(വരവ്)	നം.എൽ.എഫ്.കെ.പി4/743/07/11.2.08	-
2003-04	നം.എൽ.എഫ്.കെ.പി4/989/09/10.6.09/4.10.09	-
2004-05	നം.എൽ.എഫ്.കെ.പി4/618/09/29.12.09/27.3.10	
2005-06	നം.എൽ.എഫ്.കെ.പി4/619/09/21.2.11	-
2006-07	നം.എൽ.എഫ്.കെ.പി4/595/10/24.1.11/8.11.11	-
2007-08	നം.എൽ.എഫ്.കെ.പി4/596/10/27.1.11	-
2008-09	നം.എൽ.എഫ്.കെ.പി10/26/13/9.4.13	-
2009-10	നം.എൽ.എഫ്.കെ.പി10/27/13/9.5.13	-
2010-11& 2011-12	നം.എൽ.എഫ്.കെ.പി10/1340/13/22.10.13	13

2012-13	നം.എൽ.എഫ്.കെ.പി10/281/15/21.4.15	13
2013-14	നം.കെ.എസ്.എ-കെ.ടി.എം.പി10/1133/15/25.1.16	11
14-15	നം.കെ.എസ്.എ-കെ.ടി.എം.പി10/1130/16/04.08.16	36
15-16	നം.കെ.എസ്.എ-കെ.ടി.എം.പി.10-1791/2016/03.12.2016	

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

<u>അനുബന്ധം 1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-കെ.ടി.എം.പി9/1341/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 14.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17** വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാൽ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17** വർഷത്തെ ധനകാര്യ പത്രിക ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുകയില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം